# ഖുർആൻ അനുശാസിക്കുന്ന ധർമങ്ങൾ

കെ. അബ്ദുർറസ്സാഖ്

ഇസ്‌ലാമിൽ ധർമാധർമങ്ങൾ നിർണയിക്കുന്നതിനുള്ള മാനദണ്ഡം ഖുർആനും നബിചര്യയുമാണ്. അവ രണ്ടും കൽപിക്കുന്നവയെല്ലാം ധർമവും വിലക്കുന്നവ മുഴുവൻ അധർമവുമാണ്. ധർമം മനുഷ്യപ്രകൃതിയോടിണങ്ങുന്നതും മനുഷ്യത്വത്തിന് സുപരിചിതവുമാണ്. അധർമം നേർവിപരീതവും. അതുകൊണ്ടാണ് ധർമത്തെ *മഅ്റൂഫ്* എന്നും അധർമത്തെ *മുൻകർ* എന്നുമുള്ള സംജ്ഞകളിലൂടെ ഖുർആൻ പരിചയപ്പെടുത്തുന്നതെന്നാണ് പണ്ഡിതമതം. 'സുപരിചിതം', 'അപരിചിതം' എന്നിങ്ങനെയാണ് യഥാക്രമം ഇവയുടെ മൗലികമായ ഭാഷാർഥം. ദൈവവിശ്വാസവും പരലോകവിശ്വാസവുമാണ് ഇസ്‌ലാമിക ധാർമികതയുടെ പ്രചോദകശക്തി. ഖുർആൻ അനുശാസിക്കുന്ന ധർമങ്ങളിൽ മുഖ്യമായവ പരാമർശിച്ചുപോവുക മാത്രമാണ് ഇവിടെ ഉദ്ദേശ്യം.

## വൈയക്തിക ധർമങ്ങൾ

സത്യത്തിൽ വിശ്വസിക്കാനും സൽക്കർമങ്ങൾ അനുഷ്ഠിക്കാനും ഖുർആൻ നിരന്തരമായി ആവശ്യപ്പെടുന്നു. ഖുർആൻ മനുഷ്യനോട് അനുശാസിക്കുന്ന ധർമങ്ങളിൽ ഏറ്റവും പ്രമുഖമാണ് ഇവ രണ്ടും. വിശ്വാസവും കർമവും പരസ്പര ബന്ധിതവും പരസ്പരപൂരകവുമാണ്. മിക്ക സ്ഥലങ്ങളിലും സത്യവിശ്വാസത്തോടൊപ്പം സൽക്കർമങ്ങളും ചേർത്തുപറയുന്ന ശൈലിയാണ് ഖുർആന്റേത്. വിശാലാർഥത്തിലെടുക്കുമ്പോൾ, ഖുർആൻ അനുശാസിക്കുന്ന മറ്റെല്ലാ ധർമങ്ങളും ഇവയ്ക്കു കീഴിൽ വരുന്നതു കാണാം. "സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങളാചരിക്കുകയും തങ്ങളുടെ നാഥനോട് വിനയമുള്ളവരാവുകയും ചെയ്തവരാരോ, നിശ്ചയമായും അവർ സ്വർഗാവകാശികളാകുന്നു. സ്വർഗത്തിൽ അവർ നിത്യവാസികളായിരിക്കും" (11:23). ഇത്തരം സൂക്തങ്ങളിലൂടെ ജീവിതവിജയത്തിന്റെ ഉപാധിയാണ് സത്യവിശ്വാസവും സൽക്കർമവുമെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. സത്യസാക്ഷ്യപ്രഖ്യാപനം, നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നീ അഞ്ചു കർമങ്ങളാണ് സൽക്കർമങ്ങളുടെ മുൻനിരയിൽ വരുന്നത്. അല്ലാഹുവിന് പ്രിയങ്കരവും അവൻ കൽപിച്ചിട്ടുള്ളവയും എന്ന നിലയ്ക്ക് എല്ലാ സൽക്കർമങ്ങളും അല്ലാഹുവിനുള്ള ഇബാദത്ത്കൂടിയാണ്. തന്റെ ഏക ആരാധ്യനും താൻ ആത്യന്തികമായി അടിമപ്പെടേണ്ടവനും നിരുപാധികം അനുസരിക്കേണ്ടവനും അല്ലാഹു മാത്രമാണെന്ന് വിശ്വസിച്ച് മനുഷ്യൻ അതിന്റെ താൽപര്യമനുസരിച്ച് കർമം ചെയ്യലാണ് ഇബാദത്ത്. സൃഷ്ടിപ്പിന്റെ തന്നെ ലക്ഷ്യമായ ഇബാദത്ത് ഖുർആൻ അനുശാസിക്കുന്ന ധർമങ്ങളിൽ സുപ്രധാനമാണെന്ന് പറയേണ്ടതില്ല: "എനിക്ക് ഇബാദത്ത് ചെയ്യാനല്ലാതെ ജിന്ന് വംശത്തെയും മനുഷ്യവംശത്തെയും ഞാൻ സൃഷ്ടിച്ചിട്ടില്ല" (51:56).

> സമൂഹത്തിലെ അംഗങ്ങൾ പരസ്പരം മാനിക്കുകയും ആദരിക്കുകയും വേണം. ആരുടെയും അഭിമാനം ഹനിക്കപ്പെടാനോ സ്വകാര്യത ലംഘിക്കപ്പെടാനോ പാടില്ല. സമൂഹം മുഴുവൻ ഇത്തരം ധാർമിക മൂല്യങ്ങൾ മുറുകെപ്പിടിക്കണമെന്നാണ് ഖുർആന്റെ ആഹ്വാനം

ദൈവത്തിലുള്ള വിശ്വാസത്തെ പോലെ ഖുർആൻ ഊന്നിപ്പറയുന്ന മറ്റൊരു വിശിഷ്ട സംഗതിയാണ് ദൈവത്തോടുള്ള ഭയഭക്തി അഥവാ തഖ്‌വ. ഇഹപര രക്ഷ ആഗ്രഹിച്ചും ശിക്ഷ ഭയന്നും അല്ലാഹുവിന്റെ കൽപനകൾ പാലിക്കാനും അവന്റെ വിലക്കുകൾ മാനിക്കാനുമുള്ള നിതാന്ത ജാഗ്രതയാണത്. "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ യഥാവിധി സൂക്ഷിക്കുക. മുസ്‌ലിംകളായല്ലാതെ നിങ്ങൾ മരണമടയരുത്" (3:102).

## സത്യസന്ധത

സത്യത്തോട് തികഞ്ഞ പ്രതിബദ്ധത പുലർത്താനും ഖുർആൻ ആഹ്വാനം ചെയ്യുന്നു. പൊളിവചനവും കള്ളസാക്ഷ്യവും നിഷിദ്ധമാണ്. അസത്യത്തെ സത്യമെന്ന വ്യാജേന അവതരിപ്പിക്കുന്നതും രണ്ടും കൂട്ടിക്കലർത്തി ആശയക്കുഴപ്പമുണ്ടാക്കുന്നതും ഖുർആൻ വിലക്കിയിട്ടുണ്ട്. "നിങ്ങൾ സത്യത്തെ അസത്യവുമായി കൂട്ടിക്കലർത്തി സംശയാസ്പദമാക്കരുത്. അറിഞ്ഞുകൊണ്ട് സത്യത്തെ ഒളിച്ചുവയ്ക്കുകയും അരുത്" (2:42). ജീവിതത്തിലുടനീളം സത്യസന്ധതയും വിശ്വസ്തതയും കൈവിടാതെ സൂക്ഷിക്കാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. "നിങ്ങളിലൊരാൾ മറ്റൊരാളെ വിശ്വസിച്ച് എന്തെങ്കിലും ഇടപാട് നടത്തിയാൽ വിശ്വാസമർപ്പിക്കപ്പെട്ടവൻ തന്റെ ഉത്തരവാദിത്വം നിർവഹിക്കേണ്ടതാകുന്നു. അവൻ തന്റെ നാഥനായ അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യട്ടെ. സാക്ഷ്യം ഒരിക്കലും മൂടിവയ്ക്കാവതല്ല. ആരെങ്കിലും മറച്ചുവച്ചാൽ അവന്റെ ഹൃദയം പാപഗ്രസ്തമാകുന്നു. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് നന്നായി അറിയുന്നവനാണ്" (2:283).

## നീതിപാലനം

സ്വതാൽപര്യത്തിനെതിരും ഇഷ്ടജനങ്ങൾക്ക്

അലോസരമുണ്ടാക്കുന്നതുമാണെങ്കിലും നീതിയുടെ പക്ഷത്ത് നിലയുറപ്പിക്കണമെന്നാണ് ഖുർആന്റെ ആഹ്വാനം: "നിശ്ചയം, അല്ലാഹു നീതിയും നന്മയും...... അനുശാസിക്കുന്നു" (16:90). "സത്യവിശ്വാസികളേ, നിങ്ങൾ നീതിയുടെ ധ്വജവാഹകരും അല്ലാഹുവിനു വേണ്ടി സാക്ഷ്യം വഹിക്കുന്നവരും ആയിരിക്കുവിൻ. നിങ്ങളുടെ നീതിനിഷ്ഠയുടെയും സാക്ഷ്യത്തിന്റെയും ഫലം നിങ്ങൾക്കോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുമിത്രാദികൾക്കോ എതിരായിരുന്നാലും. കക്ഷി ധനികനാവട്ടെ, ദരിദ്രനാവട്ടെ അല്ലാഹുവാകുന്നു നിങ്ങളിലേറെ അവരുടെ ഗുണകാംക്ഷിയായിട്ടുള്ളവൻ. അതിനാൽ സ്വേഛകളെ പിൻപറ്റി നീതിയിൽനിന്നകന്നുപോകാതിരിക്കുവിൻ. നിങ്ങൾ വളച്ചൊടിച്ചു സംസാരിക്കുകയോ സത്യത്തിൽനിന്ന് ഒഴിഞ്ഞുമാറുകയോ ചെയ്യുകയാണെങ്കിൽ, അറിഞ്ഞുകൊള്ളുക: നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതൊക്കെയും അല്ലാഹുവിന് വിവരമുണ്ട്" (4:135). "വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി നേർമാർഗത്തിൽ ഉറച്ചു നിലകൊള്ളുന്നവരും നീതിക്കു സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ. ഒരു ജനവിഭാഗത്തോടുള്ള വിദ്വേഷം നിങ്ങളെ നീതിയിൽനിന്ന് വ്യതിചലിപ്പിക്കാൻ പാടില്ലാത്തതാകുന്നു. നീതി പാലിക്കുവിൻ. അതാണ് ദൈവഭക്തിയോട് ഏറ്റം അനുയോജ്യമായിട്ടുള്ളത്" (5:8).

**കുടുംബബന്ധങ്ങൾ ഭദ്രമാക്കി നിലനിർത്തുകയും ബന്ധുക്കളെ പരിഗണിക്കുകയും അവരുടെ അവകാശങ്ങൾ നൽകുകയും അവർക്കുവേണ്ടി ചെലവഴിക്കുകയും ചെയ്യുന്നത് ഖുർആൻ ആവർത്തിച്ച് അനുശാസിക്കുന്ന ധർമങ്ങളിൽ പെടുന്നു**

തന്റെ എല്ലാ അനക്കങ്ങളും അടക്കങ്ങളും വികാരവിചാരങ്ങളുമെല്ലാം സ്രഷ്ടാവ് കാണുകയും അറിയുകയും ചെയ്യുന്നുണ്ട് എന്ന ബോധ്യത്തോടെ കർമങ്ങൾ നന്നായി അനുഷ്ഠിക്കാനും നന്മ ചെയ്യാനും ഖുർആൻ ഉദ്ബോധിപ്പിക്കുന്നു: "അല്ലാഹു നിന്നോട് നന്മ ചെയ്തപോലെ നീയും നന്മ ചെയ്യുക" (28:77).

സർവശക്തനായ ദൈവത്തിൽ എല്ലാം ഭരമേൽപിച്ച് അവന്റെ സഹായം തേടേണ്ടതും സൃഷ്ടികളുടെ ബാധ്യതയാണ്: "മൃത്യുവില്ലാത്ത, എന്നെന്നും ജീവിക്കുന്നവനിൽ നിങ്ങൾ എല്ലാം ഭരമേൽപിക്കുക" (25:58). "നീ ഒരു കാര്യം തീരുമാനിച്ചുകഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക" (3:159), "സത്യവിശ്വാസികൾ അല്ലാഹുവിൽ ഭരമേൽപിച്ചുകൊള്ളട്ടെ" (14:11).

സത്യമാർഗത്തിൽ ഉറച്ചുനിൽക്കുകയും അതിന്റെ പേരിൽ നേരിടേണ്ടിവരുന്ന ക്ലേശങ്ങൾ സഹിക്കുകയും ചെയ്യേണ്ടതുണ്ട്. ദൈവികപരീക്ഷണങ്ങളെ ക്ഷമയോടെ നേരിടുകയും സഹജീവികളോട് വിട്ടുവീഴ്ചാമനോഭാവത്തോടെ പെരുമാറുകയും ക്ഷണികവികാരങ്ങൾക്കടിപ്പെടാതെ വിവേകം മുറുകെപ്പിടിക്കുകയും വേണമെന്നും ഖുർആൻ പലയിടങ്ങളിലായി നിർദേശിക്കുന്നുണ്ട്: "വിശ്വസിച്ചവരേ, സഹനംകൊണ്ടും നമസ്കാരംകൊണ്ടും സഹായം തേടുവിൻ. നിശ്ചയം, അല്ലാഹു സഹനശീലരോടൊപ്പമാണ്" (2:153), "കോപം അടക്കിനിർത്തുന്നവരും ജനങ്ങളോട് വിട്ടുവീഴ്ച കാണിക്കുന്നവരുമാണവർ. ഇത്തരം സുകൃതവാന്മാരെ അല്ലാഹു ഇഷ്ടപ്പെടുന്നു" (3:134), "അതിനാൽ താങ്കളും താങ്കളോടൊപ്പം അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചുമടങ്ങിയവരും സന്മാർഗത്തിലുറച്ചുനിൽക്കുക" (11:112). വിമർശനത്തെയും ആക്ഷേപത്തെയും കൂസാതെ ധർമസമരം നടത്തുന്നവരാണ് വിശ്വാസികളെന്നും ഖുർആൻ പരിചയപ്പെടുത്തുന്നു: "അല്ലാഹുവിന്റെ മാർഗത്തിലവർ സമരം ചെയ്യും. ഒരാക്ഷേപകന്റെ ആക്ഷേപത്തെയും അവർ ഭയപ്പെടുകയില്ല" (5:54).

ജീവിതത്തിലുടനീളം ദൈവസ്മരണ നിലനിർത്താനും അതിൽ വീഴ്ച പറ്റി വല്ല പാപവും ചെയ്തുപോയാൽ അല്ലാഹുവിനോട് പശ്ചാത്തപിച്ച് മാപ്പപേക്ഷിക്കാനും അവനോട് മാത്രം പ്രാർഥിക്കാനും ഖുർആൻ കൽപിക്കുന്നു: "വിശ്വസിച്ചവരേ, അല്ലാഹുവിനെ അധികമധികം സ്മരിക്കുവിൻ. പ്രഭാതത്തിലും പ്രദോഷത്തിലും അവനെ പ്രകീർത്തിച്ചുകൊണ്ടിരിക്കുവിൻ" (33:41,42). ദൈവത്തെക്കുറിച്ച് എപ്പോഴും ശുഭപ്രതീക്ഷ പുലർത്തുക. ഒരിക്കലും നിരാശപ്പെടരുത്: "പറഞ്ഞുകൊടുക്കുക: സ്വന്തം ആത്മാക്കളോട് അക്രമം പ്രവർത്തിച്ചവരായ എന്റെ ദാസന്മാരേ, നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തിൽ നിരാശരാവരുത്. നിശ്ചയം, അല്ലാഹു സകല പാപങ്ങൾക്കും മാപ്പേകുന്നവനത്രെ. അവൻ ഏറെ പൊറുക്കുന്നവനും ദയാപരനുമല്ലോ" (39:53).

"പരമകാരുണികന്റെ അടിമകൾ ഭൂമിയിൽ വിനയത്തോടെ സഞ്ചരിക്കുന്നവരാണ്" (25:63). "നീ ആളുകളിൽനിന്ന് മുഖം തിരിച്ച് സംസാരിക്കരുത്. ഭൂമിയിൽ നിഗളിച്ചു നടക്കുകയുമരുത്. അഹന്ത കാട്ടുകയും ധിക്കാരം പറയുകയും ചെയ്യുന്ന ആരെയും അല്ലാഹു സ്നേഹിക്കുകയില്ല. ശാന്തനായി നടക്കുക, പതുക്കെ സംസാരിക്കുക" (31:18,19).

## ഉത്തരവാദിത്വബോധം

കരാറുകളും പ്രതിജ്ഞകളും അല്ലാഹുവിനുള്ള നേർച്ചകളും നിറവേറ്റുവാനും ഉത്തരവാദിത്വങ്ങൾ നിർവഹിക്കാനും ഖുർആൻ ആഹ്വാനം ചെയ്യുന്നുണ്ട്: "അല്ലാഹുവെ മുൻനിർത്തി നിങ്ങൾ വല്ല വാഗ്ദാനവും ചെയ്താൽ നിങ്ങളത് പൂർത്തിയാക്കുക. സത്യം ചെയ്ത് ഉറപ്പിച്ചശേഷം നിങ്ങളത് ലംഘിക്കരുത്. അല്ലാഹുവെയാണല്ലോ നിങ്ങൾ സാക്ഷിയാക്കിവെച്ചത്. നിങ്ങൾ ചെയ്യുന്നതെല്ലാം അല്ലാഹു അറിയുന്നുണ്ട്" (16:91). "നിങ്ങൾ കരാർ പൂർത്തീകരിക്കുക. കരാറിനെ സംബന്ധിച്ച് ചോദിക്കപ്പെടുകതന്നെ ചെയ്യും, തീർച്ച" (17:34). "അവർ സ്വന്തം അമാനത്തുകൾ സംരക്ഷിക്കുന്നവരും കരാറുകൾ പാലിക്കുന്നവരുമാകുന്നു" (70:32).

അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ച് ഉദാരത കാണിക്കാൻ ഖുർആൻ ആവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നുണ്ട്. ഉദാരമനസ്കർക്കു മാത്രമേ പുണ്യം കരസ്ഥമാക്കാൻ കഴിയൂ എന്ന് അല്ലാഹു ഉണർത്തുന്നു: "നിങ്ങൾക്ക് പ്രിയങ്കരമായതിൽനിന്ന് ചെലവഴിക്കുവോളം നിങ്ങൾ പുണ്യം നേടുകയില്ല. നിങ്ങൾ എന്തു ചെലവ് ചെയ്താലും അതേക്കുറിച്ച് അല്ലാഹു നല്ലപോലെ അറിയുന്നവനാണ്" (3:92). പിശുക്കും സ്വാർഥതയുമൊഴിവാക്കി ചിന്താഗതിയിലും സമീപനങ്ങളിലും ഉദാരതയും സഹിഷ്ണുതയും കൈക്കൊള്ളുകയും വേണം. "ആർ മനസ്സിന്റെ പിശുക്കിൽനിന്ന് സുരക്ഷിതരായോ അവർതന്നെയാണ് വിജയികൾ" (64:16). "സദസ്സുകളിൽ സ്ഥലസൗകര്യമുണ്ടാക്കിക്കൊടുക്കുവിൻ എന്നു പറയപ്പെട്ടാൽ സ്ഥലസൗകര്യമുണ്ടാക്കുവിൻ. അല്ലാഹു നിങ്ങൾക്ക് വിശാലതയേകുന്നതാകുന്നു" (58:11).

## സദാചാരം

ജീവിതവിശുദ്ധിയും സദാചാരവും നിലനിർത്താൻ സ്ത്രീകളോടും പുരുഷന്മാരോടും ഖുർആൻ കൽപിക്കുന്നു: "നിങ്ങൾ വ്യഭിചാരത്തോട് അടുക്കുകയേ അരുത്. അത് വളരെ വഷളായ പ്രവൃത്തിയും തീരെ ദുഷിച്ച മാർഗവുമാകുന്നു" (17:32). "പ്രവാചകരേ, വിശ്വാസികളോട് പറയുക: അവർ തങ്ങളുടെ ദൃഷ്ടികൾ താഴ്ത്തിവച്ചുകൊള്ളട്ടെ. അവരുടെ ഗുഹ്യഭാഗങ്ങൾ കാത്തുകൊള്ളുകയും ചെയ്യട്ടെ. ഇത് അവർക്കുള്ള ഏറ്റം പരിശുദ്ധമായ നടപടിയാകുന്നു. അവർ പ്രവർത്തിക്കുന്നതെന്തോ അത് അല്ലാഹു കണ്ടുകൊണ്ടേയിരിക്കും. വിശ്വാസിനികളോടും പറയുക: അവർ തങ്ങളുടെ ദൃഷ്ടികൾ സൂക്ഷിക്കട്ടെ.

cmyk




**സമ്പത്ത് അല്ലാഹുവിന്റേതാണ്. അതിനാൽ ഉള്ളവന്റെ സ്വത്തിൽ ഇല്ലാത്തവർക്ക് അവകാശമുണ്ടെന്ന് ഖുർആൻ പഠിപ്പിക്കുന്നു. അഗതികളെയും അശരണരെയും സഹായിക്കേണ്ടതും സാമൂഹിക ക്ഷേമപദ്ധതികളിൽ പങ്കാളിത്തം വഹിക്കേണ്ടതും നിയമപരവും ധാർമികവുമായ ബാധ്യതയാണ്**

ഗുഹ്യഭാഗങ്ങൾ കാത്തുകൊള്ളട്ടെ. തങ്ങളുടെ അലങ്കാരങ്ങൾ വെളിപ്പെടുത്താതെയുമിരിക്കട്ടെ- സ്വയം വെളിവായതൊഴിച്ച്. തങ്ങളുടെ ഉത്തരീയം താഴ്ത്തിയിട്ട് അവർ മാറുകൾ മറയ്ക്കട്ടെ" (24:30,31).

"തിന്മയിൽനിന്ന് പിന്മാറുകയും വിശുദ്ധി നേടുകയും ചെയ്യുന്ന ജനത്തെ അല്ലാഹു ഇഷ്ടപ്പെടുന്നു" (2:222). "പ്രവാചകരേ, അവരോട് പറയുക: ശുദ്ധവും മ്ലേഛവും ഒരവസ്ഥയിലും തുല്യമാവുകയില്ല- മ്ലേഛത്തിന്റെ ആധിക്യം താങ്കളെ എത്രതന്നെ കൗതുകപ്പെടുത്തിയാലും ശരി" (5:100). "നീചവൃത്തികളോട് അടുക്കാതിരിക്കുക- അത് തെളിഞ്ഞതാകട്ടെ, ഒളിഞ്ഞതാകട്ടെ" (6:151). "ശവവും രക്തവും പന്നിമാംസവും ദൈവമല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടതും............ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു" (5:3). "വിശ്വസിച്ചവരേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നാസ്ത്രങ്ങളും എല്ലാം പൈശാചികവൃത്തികളിൽപെട്ട മാലിന്യങ്ങളാകുന്നു. അവയെ വർജിക്കുക. നിങ്ങൾക്ക് വിജയസൗഭാഗ്യം പ്രതീക്ഷിക്കാം" (5:90).

"കെടുവചനങ്ങൾ കേൾക്കാനിടയായാൽ അവരതിൽനിന്ന് അകന്നുമാറുന്നു. അവർ പറയുന്നു: ഞങ്ങളുടെ കർമങ്ങൾ ഞങ്ങൾക്ക്. നിങ്ങൾക്ക് നിങ്ങളുടെ കർമങ്ങൾ. നിങ്ങൾക്കു സലാം. ഞങ്ങൾ അവിവേകികളുടെ മാർഗം കൈക്കൊള്ളാൻ ആഗ്രഹിക്കുന്നില്ല" (28:55). "(കരുണാമയനായ ദൈവത്തിന്റെ യഥാർഥ ദാസന്മാർ) സത്യവിരുദ്ധമായതിന് സാക്ഷികളാവാത്തവരും, വല്ല അനാവശ്യങ്ങൾക്കരികിലൂടെയും കടന്നുപോകാനിടയായാൽ മാന്യന്മാരായി കടന്നുപോകുന്നവരുമാകുന്നു" (25:72).

### ജ്ഞാനസമ്പാദനം

അറിവ് ആർജിക്കാൻ പരിശ്രമിക്കേണ്ടതും അതിലൂടെ സന്മാർഗം പ്രാപിക്കേണ്ടതും മനുഷ്യന്റെ ധാർമികബാധ്യതയാണ്. "നാഥാ നീ എനിക്ക് അറിവ് വർധിപ്പിച്ചുതരേണമേയെന്ന് നീ പ്രാർഥിക്കുക" (20:114). "നീ വായിക്കുക. പേന കൊണ്ട് പഠിപ്പിച്ച അത്യുദാരനാണ് നിന്റെ നാഥൻ. മനുഷ്യന് അറിയാത്തത് അല്ലാഹു അവനെ അഭ്യസിപ്പിച്ചിരിക്കുന്നു" (96: 3-5).

### കുടുംബജീവിതം

അല്ലാഹുവിനോടുള്ള കടപ്പാടുകൾക്കു ശേഷം മാതാപിതാക്കളോടുള്ള കടപ്പാടുകളാണ് ഖുർആൻ ഊന്നിപ്പറയുന്നത്. ദൈവാരാധനയ്ക്കു തൊട്ടുതാഴെയാണ് മാതാപിതാക്കൾക്കുള്ള സേവനത്തിന്റെ സ്ഥാനം: "നിന്റെ നാഥൻ വിധിച്ചിരിക്കുന്നു, നിങ്ങൾ അവനു മാത്രമല്ലാതെ മറ്റാർക്കും ഇബാദത്ത് ചെയ്യരുത്. മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കണം. നിങ്ങളുടെ അടുക്കൽ അവരിൽ ഒരാളോ രണ്ടു പേരുമോ വാർധക്യം പ്രാപിക്കുന്നുവെങ്കിൽ, അപ്പോൾ അവരോട് 'ഛെ' എന്നുപോലും പറയരുത്. അവരോട് പരുഷമായി സംസാരിക്കുകയുമരുത്. മറിച്ച് ആദരവോടെ സംസാരിക്കുക. അവരുടെ മുമ്പിൽ കനിവോടും കാരുണ്യത്തോടും കൂടി വിനീതമായി വർത്തിക്കുക. ഇപ്രകാരം പ്രാർഥിക്കുകയും ചെയ്യുക: നാഥാ, എന്റെ കുട്ടിക്കാലത്ത് അവർ എന്നെ എപ്രകാരം സ്നേഹവാത്സല്യങ്ങളോടെ പാരിപാലിച്ചുവോ, അപ്രകാരം അവർക്ക് നീ കാരുണ്യം അരുളേണമേ" (17:23,24). മാതാപിതാക്കൾ ആദർശപരമായി തങ്ങളുടെ വിരുദ്ധ ചേരിയിലാണെങ്കിലും അവരുടെ മാതൃ-പിതൃസ്ഥാനം മാനിക്കുകയും അവരെ ആദരിക്കുകയും സേവിക്കുകയും ദൈവികശാസനകൾക്കു വിരുദ്ധമല്ലാത്ത കാര്യങ്ങളിലൊക്കെ അവരെ അനുസരിക്കുകയും വേണമെന്നും ഖുർആൻ പഠിപ്പിക്കുന്നു. "(മാതാപിതാക്കൾ) നിനക്കറിവില്ലാത്ത വല്ലതിനെയും എന്റെ പങ്കാളിയാക്കാൻ നിർബന്ധിക്കുകയാണെങ്കിൽ അതിനു നീ വഴങ്ങരുത്. ഇഹലോകത്ത് അവരുടെ കൂടെ നല്ലനിലയിൽ വർത്തിക്കണം" (31:15).

ഭാര്യാഭർത്താക്കന്മാരെ പരസ്പരമുള്ള വസ്ത്രങ്ങളായാണ് ഖുർആൻ വിശേഷിപ്പിക്കുന്നത്. പാതിവ്രത്യത്തോടൊപ്പം വിശ്വാസശുദ്ധിയും പരിഗണിച്ചുകൊണ്ടാണ് വിവാഹബന്ധത്തിലേർപ്പെടേണ്ടത്. അവകാശങ്ങളും ബാധ്യതകളും ദമ്പതികൾ പരസ്പരം വകവച്ചുനൽകണമെന്നും ഖുർആൻ ഉണർത്തുന്നു: "സ്ത്രീകൾക്ക് ചില ബാധ്യതകളുള്ളതുപോലെ ന്യായമായ ചില അവകാശങ്ങളുമുണ്ട്. എന്നാൽ, പുരുഷന്മാർക്ക് അവരേക്കാൾ ഒരു പദവികൂടുതലുണ്ട്. അല്ലാഹു പ്രതാപവാനും യുക്തിജ്ഞനുമത്രെ" (2:228). "അവരുടെ രക്ഷിതാക്കളുടെ അനുമതിയോടെ അവരെ നിങ്ങൾ വിവാഹം കഴിക്കുക. അവരുടെ വിവാഹമൂല്യം ന്യായമായ നിലയിൽ നൽകുക. എന്നാൽ, അവർ പാതിവ്രത്യത്തോടെ വൈവാഹികജീവിതം നയിക്കുന്നവരായിരിക്കണം. പര



cmyk

സ്യമായി വ്യഭിചാരവൃത്തിയിൽ ഏർപ്പെടുന്നവരോ ജാരന്മാരെ സ്വീകരിക്കുന്നവരോ ആയിരിക്കരുത്" (4:25). "സ്ത്രീകളോട് നിങ്ങൾ നല്ലനിലയിൽ വർത്തിക്കുക. നിങ്ങൾ അവരോട് അനിഷ്ടം തോന്നുന്നുവെങ്കിൽ, നിങ്ങൾക്ക് വെറുക്കുന്ന കാര്യത്തിൽ ഒരുപക്ഷേ അല്ലാഹു നിരവധി നന്മകൾ നിശ്ചയിച്ചുവച്ചിരിക്കാമെന്ന് മനസ്സിലാക്കുക" (4:19). തന്റെ ജീവിതപങ്കാളിക്കും സന്തതികൾക്കും ശിക്ഷണവും സംസ്കരണവും നൽകി അവരെയും തന്നെപ്പോലെ ജീവിതവിജയം നേടുന്നവരാക്കി മാറ്റാൻ ശ്രമിക്കേണ്ടതും ഓരോ വ്യക്തിയുടെയും ബാധ്യതയാണ്: "വിശ്വസിച്ചവരേ, നിങ്ങളെയും നിങ്ങളുടെ കുടുംബാദികളെയും നരകാഗ്നിയിൽനിന്ന് രക്ഷിക്കുവിൻ" (66:6).

കുടുംബബന്ധങ്ങൾ ഭദ്രമാക്കി നിലനിർത്തുകയും ബന്ധുക്കളെ പരിഗണിക്കുകയും അവരുടെ അവകാശങ്ങൾ നൽകുകയും അവർക്കുവേണ്ടി ചെലവഴിക്കുകയും ചെയ്യുന്നത് ഖുർആൻ ആവർത്തിച്ച് അനുശാസിക്കുന്ന ധർമങ്ങളിൽപെടുന്നു. "ആരെ മുൻനിർത്തി നിങ്ങൾ അന്യോന്യം അവകാശങ്ങളും ആനുകൂല്യങ്ങളും ചോദിക്കുന്നുവോ അതേ അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. നിശ്ചയം, അല്ലാഹു നിങ്ങളെ വീക്ഷിക്കുന്നുണ്ട്" (4:1). "അല്ലാഹുവിന്റെ നിയമമനുസരിച്ച് രക്തബന്ധമുള്ളവർ അന്യോന്യം കൂടുതൽ അടുത്തവരാകുന്നു. തീർച്ചയായും അല്ലാഹു എല്ലാ കാര്യങ്ങളും നന്നായി അറിയുന്നവനത്രെ'' (8:75). "അടുത്ത ബന്ധുക്കൾക്കും അനാഥർക്കും...... തങ്ങൾക്ക് പ്രിയങ്കരമായ ധനം ചെലവഴിക്കലാണ് പുണ്യം" (2:177). "അടുത്ത ബന്ധുക്കൾക്ക് അവരുടെ അവകാശം നൽകുക" (17:26). "അല്ലാഹുവുമായി സുദൃഢമായ കരാർ ചെയ്തശേഷം അത് ലംഘിക്കുകയും അവൻ കൂട്ടിയിണക്കാൻ കൽപിച്ച കുടുംബബന്ധങ്ങൾ മുറിച്ചുകളയുകയും ഭൂമിയിൽ നാശമുണ്ടാക്കുകയും ചെയ്യുന്നവരെയാണ് അവന്റെ ശാപം ബാധിക്കുക. ചീത്തയായ വാസസ്ഥലം ലഭിക്കുന്നതും അവർക്കത്രെ" (13:25).



## അയൽപക്കബന്ധം

കുടുംബാംഗങ്ങൾക്കു പുറമെ നിത്യജീവിതത്തിൽ ഓരോരുത്തരും ഇടപഴകുന്ന അയൽവാസികൾ, സഹപ്രവർത്തകർ, സുഹൃത്തുക്കൾ തുടങ്ങിയവരോട് സ്നേഹത്തോടെയും വിനയത്തോടെയുമാണ് പെരുമാറേണ്ടത്. "മാതാപിതാക്കളോട് നന്മയിൽ വർത്തിക്കുവിൻ. ബന്ധുക്കളോടും അനാഥരോടും അഗതികളോടും നന്നായി പെരുമാറുവിൻ. ബന്ധുക്കളായ അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസികളോടും സഞ്ചാരികളോടും നിങ്ങളുടെ അധീനതയിലുള്ള ദാസീദാസന്മാരോടും നന്നായി വർത്തിക്കുവിൻ. അഹന്തയാൽ വഞ്ചിതരും താൻപോരിമയാൽ ഞെളിയുന്നവരുമായ ആരെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല" (4:36).

## സാമൂഹികധർമങ്ങൾ

സമൂഹത്തിലെ അംഗങ്ങൾ പരസ്പരം സഹകരണത്തോടെയും സാഹോദര്യത്തോടെയും ഗുണകാംക്ഷയോടെയും വർത്തിക്കാൻ ഖുർആൻ ആഹ്വാനം ചെയ്യുന്നു: "നന്മയുടേതും ദൈവഭക്തിയുടേതുമായ കാര്യങ്ങളിലൊക്കെയും നിങ്ങൾ എല്ലാവരോടും സഹകരിക്കേണ്ടതാകുന്നു. പാപകരവും അതിക്രമപരവുമായ കാര്യങ്ങളിൽ ആരോടും സഹകരിക്കാവതല്ല" (5:2). "വിശ്വാസികൾ പരസ്പരം സഹോദരന്മാരാകുന്നു. അതിനാൽ നിങ്ങളുടെ സഹോദരന്മാർക്കിടയിലുള്ള ബന്ധങ്ങൾ നന്നാക്കുവിൻ. അല്ലാഹുവിനോട് ഭക്തിയുള്ളവരാകുകയും ചെയ്യുവിൻ. നിങ്ങൾ അനുഗ്രഹിക്കപ്പെട്ടുമെന്നാശിക്കാം" (49:10).

സമൂഹത്തിലെ അനാഥരെ മറ്റുള്ളവരുടേതിനു തുല്യമായ പദവിയിലേക്കുയർത്താനും അവർക്ക് ജീവിതമാർഗമൊരുക്കാനും അനാഥർ ചൂഷണം ചെയ്യപ്പെടുന്നത് തടയാനും സമൂഹം ബാധ്യസ്ഥമാണ്. അടിച്ചമർത്തപ്പെട്ടവരും യാതനയനുഭവിക്കുന്നവരുമായ അവശവിഭാഗങ്ങളെ സഹായിക്കാനും പീഡനങ്ങളിൽനിന്ന് മോചിപ്പിക്കാനും ഖുർആൻ ആഹ്വാനം ചെയ്യുന്നു: "(സജ്ജനങ്ങൾ) ദൈവസ്നേഹത്താൽ അഗതികൾക്കും അനാഥർക്കും ബന്ധിതർക്കും അന്നം നൽകുന്നു" (76:8). "....... അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ പേരിൽ തന്റെ പ്രിയപ്പെട്ട ധനം ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും യാത്രക്കാർക്കും സഹായമർഥിക്കുന്നവർക്കും അടിമകളെ മോചിപ്പിക്കുന്നതിനും ചെലവഴിക്കുകയും........ ആണ് പുണ്യം" (2:177).

കലാപങ്ങളെയും അക്രമങ്ങളെയും ഹിംസയെയും ഖുർആൻ കർശനമായി വിലക്കുന്നു: "അല്ലാഹു ആദരണീയമാക്കിയ ഒരു ജീവനെയും അന്യായമായി വധിക്കരുത്" (6:151). "......... ഒരാത്മാവിനു പകരമായോ അല്ലെങ്കിൽ ഭൂമിയിൽ നാശം വിതച്ചതിന്റെ പേരിലോ അല്ലാതെ ആരെങ്കിലും ഒരു മനുഷ്യനെ വധിച്ചാൽ, അവൻ മുഴുവൻ മനുഷ്യരെയും വധിച്ചതുപോലെയാകുന്നു. ഒരുവൻ ആർക്കെങ്കിലും ജീവിതം നൽകിയാൽ അവൻ മുഴുവൻ മനുഷ്യർക്കും ജീവിതം നൽകിയതുപോലെയുമാകുന്നു" (5:32). "കൊലയേക്കാൾ ഗുരുതരമത്രെ കലാപവും പീഡനവും" (2:217).

സമൂഹത്തിൽ മ്ലേഛതയും അനാശാസ്യവൃത്തികളും ഉടലെടു

ക്കുന്നത് തടയേണ്ടതും തിന്മയുടെ കവാടങ്ങൾ അടച്ചുപൂട്ടേണ്ടതും സമൂഹത്തിന്റെ മുഴുവൻ ധാർമികബാധ്യതയാണ്. “സത്യവിശ്വാസികളുടെ സമാജത്തിൽ മ്ലേഛത പരത്താനാഗ്രഹിക്കുന്നവർ ഇഹത്തിലും പരത്തിലും നോവേറിയ ശിക്ഷയ്ക്കർഹരാകുന്നു” (24:19). തിന്മയുടെ പ്രേരകങ്ങൾ തടയാൻ ഒട്ടേറെ പ്രായോഗിക നിയമങ്ങളും ഖുർആൻ നിർദേശിക്കുന്നുണ്ട്.

## പരസ്പരം ആദരിക്കലും വികാരങ്ങളെ മാനിക്കലും

സമൂഹത്തിലെ അംഗങ്ങൾ പരസ്പരം മാനിക്കുകയും ആദരിക്കുകയും വേണം. ആരുടെയും അഭിമാനം ഹനിക്കപ്പെടാനോ സ്വകാര്യത ലംഘിക്കപ്പെടാനോ പാടില്ല. സമൂഹം മുഴുവൻ ഇത്തരം ധാർമിക മൂല്യങ്ങൾ മുറുകെപ്പിടിക്കണമെന്നാണ് ഖുർആന്റെ ആഹ്വാനം: “അല്ലയോ വിശ്വസിച്ചവരേ, പുരുഷന്മാർ മറ്റു പുരുഷന്മാരെ പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്നവർ പരിഹസിക്കുന്നവരേക്കാൾ ശ്രേഷ്ഠരായെന്നുവരാം. സ്ത്രീകൾ മറ്റു സ്ത്രീകളെയും പരിഹസിക്കരുത്. പരിഹസിക്കപ്പെടുന്ന സ്ത്രീകൾ പരിഹസിക്കുന്ന സ്ത്രീകളേക്കാൾ ശ്രേഷ്ഠകളായെന്നുവരാം. നിങ്ങൾ പരസ്പരം അവഹേളിക്കരുത്. ദുഷ്പേരുകൾ വിളിക്കയുമരുത്. സത്യവിശ്വാസം കൈക്കൊണ്ടശേഷം വഷളായ പേരുകൾ വിളിക്കുകയെന്നത് അത്യന്തം മോശപ്പെട്ട കാര്യമത്രെ. ഈ സ്വഭാവത്തിൽനിന്ന് പിന്തിരിയാത്തവർ ധിക്കാരികൾ തന്നെയാകുന്നു. അല്ലയോ വിശ്വസിച്ചവരേ, അധികം ഊഹിക്കുന്നത് വർജിക്കുക. എന്തുകൊണ്ടെന്നാൽ ചില ഊഹങ്ങൾ കുറ്റമാകുന്നുണ്ട്. ആളുകളുടെ രഹസ്യങ്ങൾ ചുഴിഞ്ഞന്വേഷിക്കരുത്. നിങ്ങളിൽ ആരും ആരെക്കുറിച്ചും പരദൂഷണം പറയരുത്. നിങ്ങളാരെങ്കിലും മരിച്ച സഹോദരന്റെ മാംസം തിന്നാനിഷ്ടപ്പെടുമോ? നിങ്ങളതു വെറുക്കുകയാണല്ലോ. നിങ്ങൾ അല്ലാഹുവിനോട് ഭക്തി പുലർത്തുക. അല്ലാഹു വളരെ പശ്ചാത്താപം കൈക്കൊള്ളുന്നവനും ദയാപരനുമാകുന്നു” (49:11,12).

## സമൂഹസംസ്കരണം

നന്മ പ്രചരിപ്പിക്കുകയും തിന്മ വിലക്കുകയും ചെയ്യുക എന്ന ബാധ്യത സമൂഹം ഏറ്റെടുത്തു നടത്തണം: “അല്ലാഹുവിനെ സഹായിക്കുന്നവരെ അവൻ സഹായിക്കുകതന്നെ ചെയ്യും. അല്ലാഹു അതിശക്തനും പ്രതാപവാനുമാണല്ലോ. നാം ഭൂമിയിൽ ആധിപത്യം നൽകുകയാണെങ്കിൽ നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും നല്ലത് കൽപിക്കുകയും തിയ്യത് വിരോധിക്കുകയും ചെയ്യുന്നവരത്രെ അവർ” (22:41). “വിജയം പ്രാപിക്കുന്ന വിശ്വാസികൾ സമൂഹത്തിൽ സംസ്കരണപ്രവർത്തനങ്ങൾ ചെയ്യുന്നവരാകുന്നു” (23:4). “കൂടിയാലോചനകളിൽ നീ അവരെയും (ജനങ്ങളെ) പങ്കാളികളാക്കുക” (3:159). “...........തങ്ങളുടെ കാര്യങ്ങൾ പരസ്പരം കൂടിയാലോചിച്ചു നടത്തുന്നവരും.... ആകുന്നു അവർ (വിശ്വാസികൾ)” (42:38).

## നേതൃത്വത്തെ അനുസരിക്കുക

“വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ. ദൂതനെയും അനുസരിക്കുവിൻ, നിങ്ങളിലെ കൈകാര്യക്കാരെയും അനുസരിക്കുവിൻ” (4:59). സമൂഹത്തിൽ ദൈവികസന്മാർഗവും സമാധാനവും പുലരാൻ ആവശ്യമായ പ്രയത്നങ്ങളും ത്യാഗപരിശ്രമങ്ങളും നടത്തേണ്ടത് വിശ്വാസിയുടെ കടമയായി ഖുർആൻ പ്രഖ്യാപിച്ചിരിക്കുന്നു: “അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യേണ്ടവണ്ണം സമരം ചെയ്യുവിൻ. അവൻ തന്റെ ദൗത്യത്തിനുവേണ്ടി നിങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നു” (22:78).

## സാമ്പത്തികധർമങ്ങൾ

സമ്പത്ത് അല്ലാഹുവിന്റേതാണ്. അതിനാൽ ഉള്ളവന്റെ സ്വത്തിൽ ഇല്ലാത്തവർക്ക് അവകാശമുണ്ടെന്ന് ഖുർആൻ പഠിപ്പിക്കുന്നു. അഗതികളെയും അശരണരെയും സഹായിക്കേണ്ടതും സാമൂഹികക്ഷേമപദ്ധതികളിൽ പങ്കാളിത്തം വഹിക്കേണ്ടതും നിയമപരവും ധാർമികവുമായ ബാധ്യതയാണ്: “ജനങ്ങളുടെ മുതലുകളിൽ ചോദിക്കുന്നവന്നും ആശ്രയമറ്റവന്നും അവകാശം നിശ്ചയിച്ചിരിക്കുന്നു” (51:19). “നിങ്ങൾ എന്തുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നില്ല? അകാശഭൂമികളുടെ അവകാശം അല്ലാഹുവിനു മാത്രമാണെന്നിരിക്കെ” (57:10). “നിങ്ങൾക്ക് പ്രിയങ്കരമായതിൽനിന്ന് ചെലവഴിക്കുവോളം നിങ്ങൾ പുണ്യം നേടുകയില്ല” (3:92).

## മിതവ്യയം

ധൂർത്തും ദുർവ്യയവും പൈശാചികമാണെന്ന് ഖുർആൻ ഉണർത്തുന്നു: “നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക. പക്ഷേ, പരിധി ലംഘിക്കരുത്. പരിധി ലംഘിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നില്ല” (7:31). “നീ ധൂർത്തും ദുർവ്യയവും കാണിക്കരുത്. ധൂർത്തടിക്കുന്നവർ പിശാചിന്റെ കൂടപ്പിറപ്പുകളാണ്. പിശാച് തന്റെ രക്ഷിതാവിനോട് നന്ദി കാണിക്കാത്തവനും” (17:26,27). കരുണാമയനായ ദൈവത്തിന്റെ വിനീതദാസന്മാർ ചെലവഴിക്കുമ്പോൾ ലുബ്ധോ ധൂർത്തോ അനുവർത്തിക്കാതെ രണ്ടിനുമിടയ്ക്ക് മിതത്വം കൈക്കൊള്ളുന്നവരാകുന്നു (25:67).

## വിഹിതമായ ധനസമ്പാദനം

“നിങ്ങൾ അന്യോന്യം നിങ്ങളുടെ ധനം അന്യായമായി തിന്നരുത്. ജനങ്ങളുടെ സ്വത്തിൽനിന്ന് ഒരംശം ബോധപൂർവം തെറ്റായി തിന്നാൻവേണ്ടി അതുമായി ഭരണാധികാരികളെ സമീപിക്കുകയും അരുത്” (2:188). “വിശ്വസിച്ചവരേ, ഈ കുമിഞ്ഞുകൂടുന്ന പലിശ ഭുജിക്കുന്നത് നിങ്ങൾ ഉപേക്ഷിക്കുവിൻ” (3:130). “മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ വൈരവും വിദ്വേഷവും ഉണ്ടാക്കുന്നതിനും ദൈവസ്മരണയിൽനിന്നും നമസ്കാരത്തിൽനിന്നും നിങ്ങളെ തടയുന്നതിനുമാണ് പിശാച് ആഗ്രഹിക്കുന്നത്” (5:91). “അനാഥരുടെ മുതൽ അന്യായമായി ഭുജിക്കുന്നവർ തങ്ങളുടെ വയറുകളിൽ നിറയ്ക്കുന്നത് യഥാർഥത്തിൽ അഗ്നി മാത്രമാകുന്നു. ആളിക്കത്തുന്ന നരകത്തിൽ അവർ വേവുകതന്നെ ചെയ്യും” (4:10).

സാമ്പത്തിക ഇടപാടുകൾ സുതാര്യവും കുറ്റമറ്റതും വ്യവസ്ഥാപിതവുമാക്കാനും ഖുർആൻ ആഹ്വാനം ചെയ്യുന്നു. വഞ്ചനയും കബളിപ്പിക്കലും പാടില്ല. അളവിലും തൂക്കത്തിലും കൃത്യത പാലിക്കണം. “നിശ്ചയം, വഞ്ചകന്മാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല” (8:58). “അളവുതൂക്കങ്ങളിൽ തികഞ്ഞ നീതി പാലിക്കുക” (6:152). “സത്യവിശ്വാസികളേ, നിങ്ങൾ നിശ്ചിത അവധിവച്ച് പരസ്പരം കടമിടപാട് നടത്തുമ്പോൾ, അത് എഴുതിവയ്ക്കുക. ഇരു കക്ഷികൾക്കുമിടയിൽ ഒരാൾ നീതിപൂർവം അതു രേഖപ്പെടുത്തട്ടെ. അല്ലാഹു എഴുതാനും വായിക്കാനുമുള്ള കഴിവു നൽകിയ ആൾ അത് എഴുതാൻ വിസമ്മതിക്കരുത്. അവൻ എഴുതട്ടെ. ആരുടെ പേരിലാണോ ബാധ്യത വരുന്നത് അവൻ (അധമർണൻ) പറഞ്ഞുകൊടുക്കട്ടെ. അവൻ തന്റെ നാഥനായ അല്ലാഹുവിനെ ഭയപ്പെട്ടുകൊള്ളട്ടെ. തീരുമാനിക്കപ്പെട്ട ഇടപാടിൽ ഒരു വിധ ഏറ്റക്കുറവും വരുത്താൻ പാടുള്ളതല്ല........ വ്യാപാര ഇടപാട് നടത്തുമ്പോൾ നിങ്ങൾ സാക്ഷിനിർത്തിക്കൊള്ളുക. എഴുത്തുകാരനും സാക്ഷിയും ഉപദ്രവിക്കപ്പെടാവതല്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ അത് നിങ്ങൾ ചെയ്യുന്ന ധിക്കാരമാകുന്നു. നിങ്ങൾ അല്ലാഹുവിന്റെ കോപത്തെ കാക്കുവിൻ. അവൻ നിങ്ങൾക്ക് ശരിയായ പ്രവർത്തനരീതി പഠിപ്പിക്കുന്നു. അവൻ സർവസംഗതികളെക്കുറിച്ചും അഭിജ്ഞനാകുന്നു” (2:282).

■